നികുതി നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ഏകമുഖവിൽപ്പന നികുതിക്ക് വിധേയമായ സാധനങ്ങളുടെ വാർഷിക വിറ്റുവരവ് 50,000 രൂപയ്ക്കുമേലും ബഹുമുഖ വിൽപ്പന നികുതിക്ക് വിധേയമായ സാധനങ്ങളുടെ വാർഷിക വിറ്റുവരവ് ഒരു ലക്ഷം രൂപയ്ക്കുമേലും ആണെങ്കിൽ മാത്രമേ കച്ചവടക്കാർ സെയിൽസ് ടാക്സ് രജിസ്ട്രേഷൻ എടുക്കേണ്ടതുള്ളു. ചെറുകിട വ്യാപാരികൾക്കു വിൽപ്പന നികുതി സംബന്ധമായി കൂടുതൽ ഇളവുകളനുവദിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല.

എന്നാൽ വ്യാപാരി വ്യവസായി സമിതിയുടെ പ്രതിനിധികളും മുഖ്യമന്ത്രിയുമായി 8-8-1983-ൽ നടന്ന ചർച്ചയിലെ തീരുമാനത്തിൻെറ വെളിച്ചത്തിൽ നികുതി നിയമത്തെയും നികുതി ഘടനയെയും സംബന്ധിച്ചു സമഗ്രമായി പരിശോധിച്ച് അതിന് എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നു ശുപാർശ ചെയ്യുവാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻെറ റിപ്പോർട്ട് കിട്ടിയിട്ടില്ല.

സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ

549. [754] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ എത്ര ;

(ബി) ഇതിൽ മൂന്നു ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ളവർ എത്ര ;

(സി) ഇവരിൽ നിന്ന് കിട്ടുന്ന നികുതിത്തുക മൊത്തം നികുതിയുടെ എത്ര ശതമാനം വരും ;

(ഡി) രജിസ്ട്രേഷനു ബാധകമാകുന്ന വിൽപ്പന തുകയുടെ പരിധി ഉയർത്താൻ ആലോചനയുണ്ടോ ?

ഉത്തരം

(എ) 1985 ജനുവരി 31-ലെ കണക്കിൻപ്രകാരം 88,474 ആണ്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിൽപ്പന നികുതി കുടിശ്ശിക

550. [755] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തിക വർഷത്തെ സെയിൽസ് ടാക്സ് കളക്ഷൻ എത്ര ;

(ബി) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിലെ സെയിൽസ് ടാക്സ് കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്റ്റേ മുഖാന്തിരം എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് ; ഓരോ വർഷത്തെയും കണക്കുകൾ എത്ര ;

(സി) 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ സെയിൽസ് ടാക്സ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക കിട്ടാക്കടമായി എഴുതിതള്ളിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 375.26 കോടി രൂപ.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച കേസ്

551. [690] ശ്രീമതി ഭാർഗവിതങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പബ്ലിഷേഴ്സ് & പ്രിന്റേഴ്സ് അസോസിയേഷൻ കേരള ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള ഹർജി നിലനിൽക്കവെ പാഠപുസ്തകങ്ങളുടെ അച്ചടി തമിഴ് നാട്ടിൽ കൊടുത്തു നടത്തുന്നുണ്ടോ ;

(ബി) കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച് പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാകുമോ ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടിയെ സംബന്ധിച്ച് പ്രിന്റേഴ്സ് &പബ്ലിഷേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്ത് പുസ്തകങ്ങളുടെ വില കുറയ്ക്കുവാനും വിതരണത്തിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) പേട്ടയിലുള്ള മിനർവ്വ പ്രിന്റിംഗ് വർക്സ് ഉടമയും പബ്ലിഷേഴ്സ് & പ്രിന്റേഴ്സ് അസോസിയേഷൻ സെക്രട്ടറിയുമായ ശ്രീ. കെ. എൻ. ശിവാനന്ദൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനു മുൻപ് കഴിഞ്ഞ വർഷം തമിഴ് നാട്ടിലെ രണ്ട് പ്രസ്സുകളിലായി അച്ചടിച്ച നാല് പാഠപുസ്തകങ്ങളുടെ പുനഃഅച്ചടി ഏൽപ്പിച്ചതല്ലാതെ പാഠപുസ്തങ്ങളുടെ അച്ചടി തമിഴ് നാട്ടിൽ കൊടുത്തിട്ടില്ല.

(ബി) പബ്ലിഷേഴ്സ് & പ്രിന്റേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ചകൾ നടത്തണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പുസ്തകങ്ങളുടെ വില കുറയ്ക്കുവാനും വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തേണ്ട ആവശ്യം ഉണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

സ്വകാര്യ സ്കൂളുകൾക്ക് വാർഷിക മെയിൻറനൻസിന് കൊടുക്കുന്ന തുക

552. [720] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂളുകൾക്ക് വാർഷിക മെയിൻറനൻസിനുവേണ്ടി കൊടുക്കുന്ന തുക കുടിശ്ശികയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly